"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പ് വക ഉപയോഗശൂന്യമായ S3, S8, S36, S33, S10, F3, A48, A61 എന്നീ 8 ബോട്ടുകൾ വില്പന നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.25/2024/TRANS  തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:- സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 28/10/2023-ലെ SWTDHO/1218/2023/C1 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ പരാമർശ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് വക ഉപയോഗശൂന്യമായ S3, S8, S36, S33, S10, F3, A48, A61 എന്നീ 8 ബോട്ടുകളുടെ ടെണ്ടർ/ലേലം നടത്തിയതായും ആയതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതായും S8, S36, S33, S10 എന്നീ നാല് ബോട്ടുകൾക്ക് കേരള മാരിടൈം ബോർഡ് നൽകിയ അപ്സെറ്റ് വാല്യുവിനേക്കാൾ ഉയർന്ന തുക ക്വാട്ട് ചെയ്ത സ്ഥാപനമായ മെ.സി.എം.ട്രേഡേഴസ്, F3, A48, A61 എന്നീ മൂന്ന് ബോട്ടുകൾക്ക് ഉയർന്ന വില ക്വാട്ട് ചെയ്ത സ്ഥാപനമായ മെ.മയൂരം ക്രൂയ്സസ് എന്നീ സ്ഥാപനങ്ങളെ പരിഗണിച്ച് ബോട്ട് വില്പന നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ഇവാല്യവേഷൻ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. S3 നമ്പർ ബോട്ടിനു കേരള മാരിടൈം ബോർഡ് നൽകിയ അപ്സെറ്റ് വാല്യുവിനേക്കാൾ 7988/- രൂപ കുറവായിട്ടാണ് ക്വാട്ട് ചെയ്തിട്ടുള്ളതെങ്കിലും കാലപ്പഴക്കമുള്ളതിനാൽ വീണ്ടും ലേല നടപടികളിലൂടെ ടി ബോട്ടിന് ഇത്രയും വില കിട്ടാൻ സാധ്യത കുറവാണെന്നും ഇവാല്യവേഷൻ കമ്മിറ്റി അറിയിച്ചിട്ടുണ്ട്. വില ക്വാട്ട് ചെയ്ത സ്ഥാപനങ്ങൾ ജി.എസ്.ടി ഉൾപ്പെടെ അടച്ച് ബോട്ട് ഏറ്റെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിരിക്കുന്നതിനാലും ബോട്ടുകൾ കിടക്കുംതോറും കൂടുതൽ ജീർണ്ണാവസ്ഥയിലാകുമെന്നതിനാലും സംസ്ഥാന ജലഗതാഗത വകുപ്പ് വക ഉപയോഗ്യ ശൂന്യമായ S3, S8, S36, S33, S10, F3, A48, A61 എന്നീ 8 ബോട്ടുകൾ ഉയർന്ന വില ക്വാട്ട് ചെയ്ത മെ.സി.എം.ട്രേഡേഴസ്, മെ.മയൂരം ക്രൂയ്സസ് എന്നീ സ്ഥാപനങ്ങൾക്ക് വില്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലതാമസം വരും തോറും സർക്കാരിന് കൂടുതൽ നഷ്ടം വരുത്തുമെന്ന സാഹചര്യം പരിഗണിച്ച് ഉപയോഗശൂന്യമായ S3, S8, S36, S33, S10, F3, A48, A61 എന്നീ 8 ബോട്ടുകൾ പരാമർശ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ശുപാർശ ചെയ്ത തുകയ്ക്ക്, വേണ്ടത്ര പ്രചാരണത്തോടെയും സുതാര്യമായിട്ടാണ് ടെണ്ടർ നടപടികൾ നടത്തിയിരുന്നത് എന്ന് ഉറപ്പുവരുത്തികൊണ്ടും നിലവിലെ സർക്കാർ ചട്ടങ്ങൾക്ക് വിധേയമായി വില്പന നടത്തുന്നതിന് അനുമതി നൽകി

ഠാധാ) നം.25/2024/TRANS

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

പകർപ്പ്:- ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ

അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (I&PW-A1/273/2023-FIN dated.30/12/2023)

ഐ & പി ആർ(വെബ് & ന്യൂ മീഡിയ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rekha S

Date: 19-01-2024 14:28:31